# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി

3986 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010 - 2011 വർഷത്തിൽ കേരളത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ എത്ര രൂപ ചിലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അനുവദിച്ച മുഴുവൻ തുകയും ചിലവഴിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം വൈക്കം നിയോജകമണ്ഡലത്തിൽ 2010 - 2011 വർഷം എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

(ഡി) അനുവദിച്ച തുക മുഴുവൻ ചിലവഴിച്ചിട്ടുണ്ടോ;

(ഇ) തുക ചിലവഴിക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുമോ;

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ</u>

3987 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ 5 വർഷം അനുവദിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ; ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചത്;

(ബി) പ്രസ്തുത പ്രവൃത്തികൾ എത്രയെണ്ണം പൂർത്തിയായിട്ടുണ്ട് എന്നും എത്ര തുക ചെലവായി എന്നും പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) ആരംഭിക്കാത്ത പ്രവൃത്തികൾ ആരംഭിക്കാൻ ഉദ്യോഗസ്ഥർ തടസ്സം നിന്നതായി ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി</u>

3988 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 മാർച്ച് 31 ന് വെള്ളപ്പൊക്കദുരിതാശ്വാസ പദ്ധതിയിൽ ഭരണാനുമതി നൽകിയ റോഡ് പ്രവൃത്തികൾക്ക് എത്ര പണം നൽകാൻ ബാക്കിയുണ്ടായിരുന്നു;

(ബി) 2011 മാർച്ച് 31 ന് ഈ ഇനത്തിൽ നൽകാനുണ്ടായിരുന്ന തുക എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>കാലവർഷക്കെടുതിയിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് ധന സഹായം</u>

T3989 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ കാലവർഷം മൂലം സംസ്ഥാനത്തുണ്ടായ നാശനഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) കാലവർഷക്കെടുതിയിൽ മരിച്ച ആളുകൾക്ക് എത്ര രൂപ വീതമാണ് അനുവദിച്ചു നൽകിയത്;

(സി) മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ച വകയിൽ നടപ്പുവർഷം എത്ര കോടി രൂപ ചെലവായി;

(ഡി) നടപ്പുവർഷം ഉണ്ടായ കാലവർഷക്കെടുതിയിൽ എത്ര കോടി രൂപയുടെ കൃഷിനാശം സംഭവിച്ചു;

(ഇ) കൃഷി നഷ്ടം സംഭവിച്ച കർഷകർക്ക് ഈ സർക്കാർ എത്ര കോടി രൂപയുടെ നഷ്ടപരിഹാരം നൽകി;

(എഫ്) കാലവർഷക്കെടുതിയിൽ വീടുകൾക്ക് ഭാഗികമായും പൂർണ്ണമായും നഷ്ടം സംഭവിച്ചവർക്കും കൃഷിനാശം സംഭവിച്ചവർക്കും അർഹമായ ധനസഹായം അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഫ്ളഡ് മാനേജ്മെന്റ് പദ്ധതി</u>

3990 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍
'' കെ. എന്‍. എ. ഖാദര്‍
'' പി. കെ. ബഷീര്‍
'' പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമില്‍പ്പെടുത്തി സംസ്ഥാനത്തു നടപ്പാക്കുന്ന പദ്ധതികള്‍ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) മലപ്പുറം ജില്ലയില്‍ ഈ പ്രോഗ്രാമില്‍പ്പെടിത്തി നടപ്പാക്കുന്ന പദ്ധതികള്‍ ഏതെല്ലാമെന്നതിന്റെ വിശദവിവരം നല്‍കുമോ

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>സുനാമി ഭവന നിർമ്മാണ പദ്ധതി</u>

3991 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ അമ്പലപ്പുഴ മണഡലത്തിൽ ഉൾപ്പെട്ട ആലപ്പുഴ നഗരസഭയിലെ 27 വാർഡുകളിലും പുന്നപ്ര വടക്ക്, പുന്നപ്ര തെക്ക്, അമ്പലപ്പുഴതെക്ക്, അമ്പലപ്പുഴ വടക്ക്, പുറക്കാട് എന്നീ ഗ്രാമപഞ്ചായത്തുകളിലുമായി സുനാമി പുനരധിവാസ ഭവന നിർമ്മാണ പദ്ധതിയിൽ അനുവദിച്ച വീടുകളെത്ര;

(ബി) നിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് കൈമാറിയ വീടുകളെത്ര; നിർമ്മിക്കാനുളളവ എത്ര; പഞ്ചായത്ത്, നഗരസഭ അടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) സുനാമി വീടുകൾ ക്രയവിക്രയം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ഭാരതപുഴയും റിവർ മാനേജ്മെന്റ് ഫണ്ടും

3992

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, തൃശൂർ, മലപ്പുറം ജില്ലകളിലായി റിവർ മാനേജ്മെന്റ് ഫണ്ട് ഓരോ ജില്ലകളിലും എത്ര വീതം ഉണ്ട്;

(ബി) ആർ.എം.എഫ്. ഉപയോഗപ്പെടുത്തി പാലക്കാട് ജില്ലയിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു; ഓരോന്നിനും എത്ര തുക വീതം അനുവദിച്ചു;

(സി) പാലക്കാട് ജില്ലയിൽ ഭാരതപ്പുഴയുടെ തീരങ്ങളിൽ ഓരോ കടവുകളിലും എത്ര വീതം മണൽ പാസുകൾ ആണ് അനുവദിച്ചിട്ടുള്ളത്;

(ഡി) മണൽ കടവുകൾ മാറ്റി നിശ്ചയിക്കണമെന്ന ആവശ്യം സർക്കാർ പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

റിവർ മാനേജ്മെന്റ് ഫണ്ട്

3993 ശ്രീ. പി. ഉബൈദുള്ള
,, പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് ഇപ്പോൾ നടപ്പാക്കുന്നത്; വിശദാംശം നൽകാമോ;

(ബി) ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ രണ്ട് വർഷം എന്തുതുക ചെലവഴിച്ചുവെന്നും ഓരോ ജില്ലയ്ക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും വെളിപ്പെടുത്തുമോ;

(സി) ഇതിൽ മലപ്പുറം ജില്ലയിൽ എന്തുതുക ലഭിച്ചുവെന്നും അവ ഏതെല്ലാം പദ്ധതികൾക്കാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>നിർമ്മാണമേഖലയിലെ മണൽ ക്ഷാമം പരിഹരിക്കുന്നതിന് നടപടി</u>

T3994 ശ്രീ. എം. ഉമ്മർ
,, എൻ. ഷംസുദ്ദീൻ
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണമേഖലയിലെ മണൽ ക്ഷാമം പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) അനധികൃതമായുള്ള പുഴമണൽ ശേഖരണവും, കരമണൽ ഖനനവും മണൽ ക്ഷാമത്തിന്റെ സൃഷ്ടിയാണെന്നതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കുമോ;

(സി) അധികൃത മണൽ ശേഖരിക്കുന്നതിനും, കരമണൽ ഖനനത്തിനും പിടിക്കപ്പെട്ടാൽ വ്യത്യസ്ത ശിക്ഷകളാണ് നടപ്പാക്കിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

അംഗീകൃത മണലെടുപ്പ് തടയുന്നതിനായി ടാസ്ക്ഫോഴ്സ്

3995 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത മണലെടുപ്പ് നടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച നിയമസഭാ പരിസ്ഥിതി സമിതിയുടെ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(സി) അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) അനധികൃതമായി മണലെടുക്കുന്നത് തടയുന്നതിനായി പോലീസ്-റവന്യൂ സംയുക്തമായി 'ടാസ്ക്ഫോഴ്സ്' രൂപീകരിക്കുമോ;

(ഇ) അനധികൃത മണലെടുപ്പ് തടയാൻ ആവശ്യമായ ഇടപെടൽ നടത്തുന്നതിനായി റവന്യൂ പോലീസ് സംവിധാനത്തിനു പണം അനുവദിച്ചു കിട്ടാനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത കാര്യം നിയമാനുസൃതം നടപ്പിലാക്കാത്തത് എന്തുകൊണ്ട്;

(ജി) 'സാന്റ് ഓഡിറ്റ്' നടത്തുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന സംവിധാനത്തിന്റെ കാലതാമസം ശ്രദ്ധയിലുണ്ടോ;

(എച്ച്) എങ്കിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ

## 18.10.2011-ലെ മറുപടിക്ക്

(ഐ) ഒറ്റപ്പാലം നഗരസഭയിൽ പുതിയ കടവുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; പുതിയ കടവുകൾ അനുവദിക്കണമെന്ന് നഗരസഭ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഗണിക്കാതിരുന്നതെന്തുകൊണ്ട്?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കെട്ടിട നിർമ്മാണ സാമഗ്രികൾ എത്തിച്ചു കൊടുക്കുന്നതിനുള്ള നിയമവിധേയമായ നടപടികൾ</u>

3996 ശ്രീ. മുല്ലക്കര രത്നാകരൻ
,, വി.ശശി
,, കെ. രാജു
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണൽ ലോറികൾ പിടിച്ച വകയിൽ ഇതു വരെ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഓരോ ജില്ലയിലും എത്ര തുക വീതം ലഭിച്ചു ;

(ബി) മണൽ ലോറികൾ പിടിക്കുന്നതു മുതൽ പിഴ ഈടാക്കുന്നതു വരെയുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) വിവിധ കളക്ടറേറ്റുകളുമായി ബന്ധപ്പെട്ട് നടപടികൾ കാത്തു കിടക്കുന്ന എത്ര മണൽ വാഹനങ്ങളുണ്ട്; ഓരോ ജില്ലയിലും എത്ര വീതം ;

(ഡി) മണൽ കൊണ്ടു പോകുന്നതിന് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം എടുത്തു കളയാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ പകരം കെട്ടിട നിർമ്മാണ സാമഗ്രികൾ എത്തിച്ചു കൊടുക്കുന്നതിനുള്ള നിയമവിധേയമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിന്റെ പ്രവര്‍ത്തനം കാര്യക്ഷമമാക്കല്‍</u>

3997 ശ്രീ. എം. പി. വിന്‍സെന്റ്
,, വി. ഡി. സതീശന്‍
,, റ്റി. എന്‍. പ്രതാപന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റവന്യൂ വകുപ്പിന്റെ പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് വില്ലേജാഫീസില്‍ നിന്നും ലഭിക്കേണ്ട വിവിധ സര്‍ട്ടിഫിക്കറ്റുകള്‍, സേവനങ്ങള്‍ ഇവയ്ക്ക് നിസ്സാര കാരണങ്ങളുടെ പേരില്‍ കാലതാമസം വരുത്തുന്നതിന് ഉത്തരവാദികളായവരുടെ പേരില്‍ കര്‍ശന നടപടി സ്വീകരിക്കുമോ;

(സി) വില്ലേജാഫീസുകളിലെ ജീവനക്കാര്‍ക്ക് പൊതുജനങ്ങളുമായി ഇടപഴകുന്നതിന് പ്രത്യേക പരിശീലനം നല്‍കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കെട്ടിക്കിടക്കുന്ന ഫയലുകൾ</u>

3998 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കാഫീസിലും വില്ലേജ് ഓഫീസിലും കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം എത്രയാണ്; തീർപ്പുകല്പിക്കാത്തതിന് കാരണം എന്ത്;

(ബി) ഒറ്റപ്പാലം താലൂക്കാഫീസ് ആദ്യമായി ഇ-ഗവേണൻസ് നടപ്പിലാക്കിയതാണോ; വിശദമാക്കാമോ;

(സി) എത്ര ഉദ്യോഗസ്ഥന്മാരാണ് നിലവിലുള്ളത്;

(ഡി) ഓരോ സീറ്റിലും പെന്റിംഗ് ഫയൽ എത്ര;

(ഇ) ഏറ്റവും കൂടുതൽ കാലം ഫയലുകൾ കൈവശം വച്ച കേസുകൾ ശ്രദ്ധയിലുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥൻ ആര്;

(എഫ്) മണൽപാസ് വിതരണത്തിനായി ഏതെല്ലാം ഉദ്യോഗസ്ഥന്മാരെയാണ് ചുമതല ഏല്പിക്കാറുള്ളത്; പ്രസ്തുത ഉദ്യോഗസ്ഥന്മാരെ ആഴ്ചതോറും മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ല എങ്കിൽ എന്തുകൊണ്ട് ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം</u>

3999 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നത് സംബന്ധിച്ച നടപടിയുടെ പുരോഗതി അറിയിക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ഇ-ജില്ലാ പദ്ധതി

4000 ശ്രീ. തേറമ്പിൽരാമകൃഷ്ണൻ
,, വി.ഡി. സതീശൻ
,, എം.എ. വാഹിദ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-ജില്ലാ പദ്ധതിയുടെ വിശദാംശങ്ങളും ഉദ്ദേശലക്ഷ്യങ്ങളും എന്തെല്ലാമാണ്;

(ബി) ഇപ്പോൾ ഏതൊക്കെ ജില്ലകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്;

(സി) ബാക്കി ജില്ലകളിൽ ഇത്നടപ്പിലാക്കാനുള്ള പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(ഡി) പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം പ്രസ്തുത പദ്ധതിയിൻ കീഴിൽ നടപ്പാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

അക്ഷയ സംരംഭകർക്ക് ലഭിക്കാനുള്ള പ്രതിഫലം

4001 ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 വർഷത്തിൽ ഭൂരേഖാ കമ്പ്യൂട്ടർ വത്കരണത്തിന്റെ ഭാഗമായി ഡാറ്റാ എൻട്രി ചെയ്യുന്നതിന് അക്ഷയസംരംഭകരെ ചുമതലപ്പെടുത്തിയിരുന്നുവോ;

(ബി) ഇവർ ചെയ്ത ജോലിയുടെ കൂലി ഇനത്തിൽ നൽകേണ്ട പണം ഇതുവരേയും ബന്ധപ്പെട്ട വകുപ്പ് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എത്രയും വേഗം ഇവർക്ക് പ്രതിഫലം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

## പുതിയ താലൂക്കുകൾ

4002

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള താലൂക്കുകൾ വിഭജിച്ച് 5 പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ശുപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) പുതുതായി രൂപീകരിക്കുന്നതിന് ശുപാർശ ലഭിച്ച താലൂക്കുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) താലൂക്കുകൾ രൂപീകരിക്കുന്നതിനായി ഏതൊക്കെ താലൂക്കുകൾ വിഭജിക്കണമെന്നുള്ള ശുപാർശയാണ് ലഭിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കടങ്ങോട് പാറപ്പുറം വില്ലേജ് ഓഫീസ്</u>

4003

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടങ്ങോട് ഗ്രൂപ്പ് വില്ലേജ് ഓഫീസ് വിഭജിച്ച് കടങ്ങോട് പാറപ്പുറം ആസ്ഥാനമായി വില്ലേജ് ഓഫീസ് ആരംഭിക്കണം എന്നതു സംബന്ധിച്ച് കടങ്ങോട് ഗ്രാമപഞ്ചായത്തിന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച ഫയലിൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

ഗ്രൂപ്പ് വില്ലേജ് ഓഫീസുകളുടെ വിഭജനം

4004 ശ്രീ.ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിൽ എത്ര ഗ്രൂപ്പ് വില്ലേജ് ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ; അവ ഏതൊക്കെയാണ് ; ഓരോ ഗ്രൂപ്പ് വില്ലേജ് ആഫീസുകളിലും ഉൾപ്പെടുന്ന വില്ലേജുകൾ ഏതൊക്കെയാണ്;

(ബി) ഗ്രൂപ്പ് വില്ലേജ് ആഫീസുകൾ വിഭജിച്ച് ജനങ്ങൾക്ക് കൂടുതൽ സൗകര്യ പ്രദമായ സേവനം വില്ലേജ് ആഫീസുകളിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ധര്‍മ്മടം വില്ലേജ് ഓഫീസിന് കെട്ടിടം

4005 ശ്രീ. കെ.കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ധര്‍മ്മടം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ വില്ലേജ് ഓഫീസിന് കെട്ടിടം പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>രജിസ്ട്രാര്‍ ഓഫീസിന് സ്ഥലം</u>

4006 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

പൊന്നാനി താലൂക്കില്‍ സിവില്‍ സ്റ്റേഷന്‍ കോമ്പൗണ്ടില്‍ സബ്‌രജിസ്ട്രാര്‍ ഓഫിസിന് കെട്ടിടം നിര്‍മ്മിക്കാന്‍ സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>താലൂക്ക് വികസന കൗൺസിലുകൾ</u>

4007 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്ക് വികസന കൗൺസിലുകളെ ശക്തിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഡി.ഡി.സി യ്ക്ക് സമാനമായി താലൂക്ക്തലത്തിൽ വിവധ വകുപ്പുകളുടെ പ്രവർത്തന അവലോകനം ഒരു പരിധി വരെ വിജയകരമായി നടത്തുവാൻ കഴിയുന്ന താലൂക്ക് വികസന കൗൺസിലുകളിലെ അനൗദ്യോഗിക അംഗങ്ങൾക്ക് ടി.എ യും കൗൺസിൽ പെറ്റിഷൻ പരിശോധനയ്ക്ക് വാഹനസൗകര്യങ്ങളും യോഗനടത്തിപ്പിനുളള ചെറിയ സഹായങ്ങളും നൽകി താലൂക്ക് വികസന കൗൺസിലുകളെ സജീവമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>അന്യായമായ സ്ഥലം മാറ്റ ഉത്തരവുകൾ</u>

4008 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്ക് ഓഫീസിലും താലൂക്കിലെ വിവിധ വില്ലേജുകളിലും ജോലിചെയ്യുന്ന ജീവനക്കാരെ സ്ഥലം മാറ്റിക്കൊണ്ട് ഈ സർക്കാർ വന്നതിനുശേഷം എത്ര ഉത്തരവുകൾ ഇറക്കിയിട്ടുണ്ട് ;

(ബി) എൽ.ഡി.സി/വി.എ., യു.ഡി.സി/എൽ.വി.ഒ വില്ലേജ്മാൻ തസ്തികകളിലുള്ളവരെ സ്ഥലംമാറ്റിക്കൊണ്ട് ചേർത്തല താലൂക്ക് ഓഫീസിൽ നിന്നും ഇറങ്ങിയിട്ടുള്ള കഴിഞ്ഞ 4 മാസങ്ങൾക്കുള്ളിലെ ഉത്തരവുകൾക്ക് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) മൂന്നോ അതിൽകൂടുതലോ വർഷങ്ങളായി ഒരാഫീസിൽ ജോലിചെയ്യുന്നവരെ അതേ ഓഫീസിൽ നിലനിർത്തിക്കൊണ്ട് വളരെ കുറച്ചുകാലമായി മാത്രം ജോലിചെയ്യുന്നവരെ വളരെ ദൂരെയുള്ള ഓഫീസിലേയ്ക്ക് മാറ്റിക്കൊണ്ട് ഇറക്കിയിട്ടുള്ള പ്രസ്തുത ഉത്തരവുകൾ അടിയന്തിരമായി പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം സ്ഥലം മാറ്റ ഉത്തരവുകൾ ഇറക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിലെ സ്ഥലംമാറ്റം</u>

4009 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം വൈക്കം നിയോജക മണ്ഡലപരിധിയിൽ നിന്നും റവന്യൂ വകുപ്പിന്റെ പരിധിയിലുള്ള എത്ര ഉദ്യോഗസ്ഥരെ സ്ഥലംമാറ്റിയിട്ടുണ്ട്.

(ബി) ഇതിൽ മണ്ഡലത്തിന് പുറത്തേക്ക് എത്ര പേരെ മാറ്റിയിട്ടുണ്ട്;

(സി) പ്രസ്തുത സ്ഥലംമാറ്റത്തെ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉയർന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം പരാതികൾ വകുപ്പ് പരിഹരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ഹാരിസണ്‍ മലയാളം കൈവശപ്പെടുത്തിയ ഭൂമി

4010

ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എ. കെ. ബാലന്‍
,, ബി. ഡി. ദേവസ്സി
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹാരിസണ്‍ മലയാളം സര്‍ക്കാര്‍ ഭൂമി കൈവശം വച്ച് സംസ്ഥാനത്തെ ഭൂരഹിതരെ വഞ്ചിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) വിദേശകമ്പനിയായ ഹാരിസണ്‍ മലയാളം സംസ്ഥാനത്ത് ഭൂമി കൈവശപ്പെടുത്തിയത് എങ്ങിനെയാണെന്ന് വിശദമാക്കാമോ; ഇവര്‍ ഏതെല്ലാം പ്രദേശങ്ങളില്‍ എത്ര ഏക്കര്‍ ഭൂമി കൈവശം വച്ച് വരുന്നുണ്ട്;

(സി) വിദേശനാണ്യ വിനിമയ നിയമ(ഫെറ)മനുസരിച്ചോ കമ്പനി നിയമമനുസരിച്ചോ ഇന്ത്യന്‍ പാട്ട വ്യവസ്ഥയനുസരിച്ചോ ഭൂമി കൈവശം വയ്ക്കാന്‍ ഹാരിസണ്‍ മലയാളം കമ്പനിയ്ക്ക് അര്‍ഹതയുണ്ടോ; എങ്കില്‍ ഇക്കാര്യത്തില്‍ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ലാൻഡ് ബാങ്ക്</u>

4011 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് വേണ്ടി സർക്കാർ കൈവശമുള്ള ഭൂമിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് വേണ്ടി പ്രത്യേകമായി ഒരു ലാൻഡ് ബാങ്കിന് രൂപം നൽകുമോ;

(സി) ആദിവാസികളുടെ ഭൂഉടമസ്ഥത സംബന്ധിച്ച് ഒരു ധവളപത്രം പുറത്തിറക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>ആദിവാസി ഭൂമി കൈയ്യേറ്റം</u>

4012 ശ്രീ.കെ. വി. വിജയദാസ്
,, ബി. ഡി. ദേവസ്സി
,, പി. റ്റി. എ. റഹീം
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി കയ്യേറ്റത്തെക്കുറിച്ച് (കാറ്റാടി കമ്പനി) പരിശോധിക്കുവാൻ നിയോഗിച്ച ചീഫ് സെക്രട്ടറിയുടെ ശുപാർശകൾ ഗവൺമെന്റ് നടപ്പാക്കിയിട്ടുണ്ടോ;

(ബി) സുസ് ലോൺ കയ്യേറിയ ഭൂമിയിൽ ആദിവാസി ഭൂവുടമകൾക്ക് പട്ടയം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഇ) ചീഫ് സെക്രട്ടറിയുടെ റിപ്പോട്ടിൽ നിർദ്ദേശിച്ച പ്രകാരം ആദിവാസികൾ ആർ. ഡി.ഒ മുമ്പാകെ നൽകിയ മൊഴി, ഭൂമി തിരിച്ചെടുക്കുന്നതിനുള്ള അപേക്ഷയായി പരിഗണിക്കുമോ;

(എഫ്) എങ്കിൽ ഇതിനകം എത്ര ഏക്കർ ഭൂമി തിരിച്ചെടുത്തിട്ടുണ്ട്?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ കാറ്റാടി വൈദ്യുത നിലയങ്ങൾ</u>

4013 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. ഇ.കെ. വിജയൻ
'' വി. ശശി.

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അട്ടപ്പാടിയിലെ ആദിവാസി ഭൂമി സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലത്ത് നിയോഗിച്ച ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടുകളും ഉത്തരവുകളും നിരാകരിച്ചുകൊണ്ട് എത്ര കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പൊതു നിരത്തുകളിലെ ആരാധനാലയങ്ങൾ പൊളിച്ചു നീക്കാൻ നടപടി</u>

4014 ശ്രീ. സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, കെ. അജിത്
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതു നിരത്തുകളിലെ ആരാധനാലയങ്ങൾ പൊളിച്ചു നീക്കണമെന്ന് സുപ്രീംകോടതിയുടെ നിർദ്ദേശമുണ്ടായിട്ടുണ്ടോ ;

(ബി) പ്രസ്തുത നിർദ്ദേശം നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ . എങ്കിൽ എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>മൂന്നാർ ട്രൈബ്യൂണൽ</u>

4015 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ട്രൈബ്യൂണൽ സ്ഥാപിച്ചതിന്റെ ഉദ്ദേശലക്ഷ്യം വിശദമാക്കാമോ;

(ബി) മൂന്നാർ ട്രൈബ്യൂണലിന് ഇതുവരെ ലഭിച്ചിട്ടുളള കേസുകളുടെ എണ്ണം എത്ര; ഇവയിൽ എത്ര എണ്ണം തീർപ്പാക്കി;

(സി) കേസുകളുടെ തീർപ്പാക്കൽ ഇഴഞ്ഞു നീങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തീർപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിൽ ആവശ്യമായ ഉദ്യോഗസ്ഥർ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മൂന്നാർ ട്രൈബ്യൂണലിൽ ആകെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് എന്നും ഈ തസ്തികകളിലെ ഉദ്യോഗസ്ഥരുടെ നിയമന രീതിയും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പട്ടയം നൽകാൻ നടപടി</u>

4016 ശ്രീമതി ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിലെ വാഗമൺ, ഏലപ്പാറ വില്ലേജുകളിൽ പട്ടയം ലഭിച്ചിട്ടും റവന്യൂ അധികാരികൾ ഭൂനികുതി സ്വീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇടുക്കി ജില്ലയിലെ വൈദ്യുതി പദ്ധതികൾക്കുവേണ്ടി ഏറ്റെടുത്തതും എന്നാൽ ഉപേക്ഷിക്കപ്പെട്ടതുമായ പദ്ധതി പ്രദേശങ്ങളിലെ കർഷകർക്ക് പട്ടയം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ;

(സി) ജലവൈദ്യുത പദ്ധതി പ്രദേശങ്ങളിലെ 10 ചെയിൻ ഏരിയായിൽ ഉൾപ്പെട്ടവർക്ക് പട്ടയമോ, കൈവശരേഖയോ നൽകുവാൻ നടപടി സ്വീകരിക്കുമോ?

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇടുക്കി ജില്ലയിൽ എത്ര ഉപാധി രഹിതപട്ടയങ്ങൾ നൽകി; ഏതൊക്കെ താലൂക്കുകളിൽ എത്ര എണ്ണം വീതം എന്ന് വ്യക്തമാക്കാമോ;

(ഇ) 10 ചെയിൻ പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പട്ടയവിതരണം പൂര്‍ത്തിയാക്കുന്നതിന് നടപടി</u>

4017 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം വയനാട് ജില്ലയില്‍ നടത്തിയ പട്ടയ വിതരണത്തിന്റെ നിയോജകമണ്ഡലം തിരിച്ചുളള കണക്ക് വെളിപ്പെടുത്താമോ;

(ബി) വയനാട് ജില്ലയിലെ പട്ടയവിതരണം സംബന്ധിച്ച് എത്ര പരാതികള്‍ സര്‍ക്കാരിന്റെ പരിഗണനയിലുണ്ടെന്നതിന്റെ താലൂക്ക്തല വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പരാതികളിന്മേല്‍ തീര്‍പ്പ് കല്‍പ്പിച്ച് പട്ടയ വിതരണം എന്ന് പൂര്‍ത്തിയാക്കാന്‍ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ

## 18.10.2011-ലെ മറുപടിക്ക്

<u>മലന്തോട്ടം ഭൂമിയിൽ സ്വകാര്യ വ്യക്തികൾക്ക് പട്ടയം</u>

4018 ശ്രീ. കെ. രാധാകൃഷ്ണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി കെ. കെ. ലതിക
ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കൃഷ്ണഗിരി വില്ലേജിൽ സർക്കാരിനവകാശപ്പെട്ട മലന്തോട്ടം ഭൂമിയിൽ സ്വകാര്യ വ്യക്തികൾക്ക് പട്ടയം നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ ;

(ബി) പ്രസ്തുത ഭൂമിയിൽ നിന്നും ഇപ്പോൾ മരം മുറിച്ചു മാറ്റിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മുൻസർക്കാർ ഉത്തരവിട്ട വിജിലൻസ് അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ പട്ടയമേള</u>

4019 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 12.09.2011 ന് കാസർഗോഡ് ജില്ലയിൽ നടന്ന പട്ടയമേളയിൽ എത്ര പേർക്ക് പട്ടയം നൽകി;

(ബി) പ്രസ്തുത പട്ടയങ്ങളും ഭൂമിയും പൂർണ്ണമായും പട്ടയ ഉടമകൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ;

(സി) മേളയിൽ നൽകിയ പട്ടയങ്ങളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പട്ടയങ്ങളിൽ താലൂക്കാഫീസിലും വില്ലേജാഫീസിലും പട്ടയ ഉടമസ്ഥന്റെ കയ്യിൽ എത്താതെ, പട്ടയങ്ങൾ കെട്ടിക്കിടക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഇത് എന്തുകൊണ്ടാണെന്നും ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പാണ്യപാറയിലെ കർഷകർക്ക് പട്ടയം</u>

4020 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ പാണുപാറയിലെ റവന്യൂഭൂമിയിൽ മൂന്നു തലമുറകളായി കൃഷിചെയ്തുവരുന്ന കർഷകർക്ക് പട്ടയം നൽകുന്നതിലെ തടസ്സങ്ങൾ എന്തെല്ലാമാണ്;

(ബി) ഇതു സംബന്ധിച്ച് റവന്യൂവകുപ്പിലെ 59097/എ3/2006/ആർ.ഡി 44956/എ3/09/ആർ.ഡി. തുടങ്ങിയ ഇതുമായി ബന്ധപ്പെട്ട ഫയലുകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത നടപടികളുടെ നിജസ്ഥിതി എന്തെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ലക്ഷംവീട് കോളിനികളിൽ പട്ടയം അനുവദിക്കുന്നതിന് നടപടി</u>

4021 ശ്രീ. സി. കെ. നാണു
,, മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലക്ഷംവീട് കോളനികളിൽ പട്ടയം അനുവദിക്കുന്നതിന് നിലവിലുളള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) ഇപ്രകാരം പട്ടയം അനുവദിക്കപ്പെട്ട ഭൂമികൾ കൈമാറ്റം ചെയ്യുന്നതിന് നിവിലുളള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പട്ടയഭൂമി കൈമാറ്റം ചെയ്തവർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം</u>

4022

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ്, തോട് പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിന് നടപടി എടുക്കുമോ;

(ബി) ഇപ്രകാരമുള്ളവർക്ക് പട്ടയം ലഭിക്കാത്തതിനാൽ റേഷൻ കാർഡോ വൈദ്യുതിയോ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സുപ്രീം കോടതിയുടെ എസ്.എൽ.പി.സി. 8519/2006 നമ്പരിലുള്ള 16.02.2010 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനോ അല്ലെങ്കിൽ ഇവരെ ഒഴിപ്പിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കുറുമാത്തൂര്‍ ഐ. ടി.ഐയ്ക്കു വേണ്ടി മിച്ചഭൂമി</u>

4023 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തളിപറമ്പ് മണ്ഡലത്തിലെ കുറുമാത്തൂര്‍ ഗവ: റസിഡന്‍ഷ്യല്‍ ഐ. ടി. ഐക്ക് കെട്ടിടം പണിയുന്നതിലേയ്ക്കായി മിച്ചഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ;

(ബി) സ്വന്തം കെട്ടിടമില്ലാത്തതിനാല്‍ ഐ. ടി. ഐ യില്‍ പുതിയ കോഴ്സുകള്‍ തുടങ്ങാന്‍ കഴിയാത്ത സാഹചര്യത്തില്‍ കൃഷിയോഗ്യമല്ലാത്തമിച്ചഭൂമി നല്കുന്നതിനുള്ള നടപടി ഊര്‍ജ്ജിതപ്പെടുത്തുമോ;

(സി) നടപടി പൂര്‍ത്തികരിച്ച് എന്ന് ഭൂമി ലഭ്യമാക്കുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഹോപ്പ്സ് പ്ലാന്റേഷൻ</u>

4024 ശ്രീ. കെ. അച്ചുതൻ
,, വി.പി. സജീന്ദ്രൻ
,, സണ്ണി ജോസഫ്
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ ഹോപ്സ് പ്ലാന്റേഷൻ വക എസ്റ്റേറ്റിൽ സർക്കാർ മിച്ചഭൂമി ഉണ്ടോ; എങ്കിൽ എത്ര; പ്രസ്തുത ഭൂമിസർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണ്; ഭൂമിയുടെ സ്ഥിതി എന്താണ്;

(ബി) ഇല്ലെങ്കിൽ ഏറ്റെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഭൂമി ഏറ്റെടുക്കുന്നതിന് എന്തെങ്കിലും നിയമതടസ്സം ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; പ്രസ്തുത ഭൂമിയിൽ നിന്നും എസ്റ്റേറ്റ് മാനേജ്മെന്റ് മരങ്ങൾ മുറിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഭൂനികുതി അടയ്ക്കാൻ സാധിക്കാത്ത സാഹചര്യം</u>

4025 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ, കൂട്ടിലങ്ങാടി വില്ലേജിൽപെട്ട കാരാട്ട് പറമ്പ് നിവാസികൾക്ക് ഭൂനികുതി അടയ്ക്കാൻ സാധിക്കാത്തത് കാരണം കാർഷിക ലോണുകൾ ലഭിക്കാത്തതടക്കം നിരവധി ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവർക്ക് ഭൂനികുതി അടയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഹാരിസൺ മലയാളത്തിന്റെ അനധികൃത ഭൂമി</u>

4026 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹാരിസൺ മലയാളം എത്ര ഏക്കർ ഭൂമി അനധികൃതമായി കൈവശം വെച്ചിട്ടുണ്ട്;

(ബി) ഇത് എവിടെയെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത സ്ഥലങ്ങളിൽ നിന്ന് ഒരു മാസം എന്ത് വരുമാനം ലഭിക്കുന്നുണ്ട്;

(ഡി) എങ്കിൽ ഓരോ സ്ഥലത്തുനിന്നും പ്രതിമാസം എന്തു വരുമാനം വീതം ലഭിക്കുന്നുണ്ട്; പ്രത്യേകം പ്രത്യേകം കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

ഹാരിസണ്‍ മലയാളം പ്ലാന്റേഷന്‍സിനെ സംബന്ധിച്ച ആരോപണം

4027 ശ്രീ. സി. മോയിന്‍കുട്ടി
,, എന്‍. ഷംസുദ്ദീന്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഹാരിസണ്‍ മലയാളം പ്ലാന്റേഷന്‍സിന്റെ അധീനതയിലെ തോട്ടങ്ങള്‍ അനധികൃതമായും, നിയമവിരുദ്ധമായും കൈവശപ്പെടുത്തിയതാണെന്ന ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കില്‍ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഹാരിസണ്‍ പ്ലാന്റേഷന്‍സിന്റെ കീഴില്‍ ഭൂമി നിയമവിരുദ്ധമായി മറിച്ചു വിറ്റതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കില്‍ വിശദവിവരം വ്യക്തമാക്കുമോ;

(സി) ഹാരിസണ്‍ കമ്പനിയുടെ കീഴിലെ അനധികൃത കൈവശഭൂമിയും, പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയും തിരിച്ചെടുക്കുന്നതു സംബന്ധിച്ച തീരുമാനങ്ങളെന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ; കഴിഞ്ഞ അഞ്ചു വര്‍ഷക്കാലത്തിനിടയില്‍ ഈ വിഷയത്തില്‍ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള വിശദവിവരം നല്‍കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>മൂന്നാർ കൈയേറ്റം</u>

4028 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ കൈയേറ്റം ഒഴിപ്പിക്കൽ നടപടികളുടെ പുരോഗതി വിശദീകരിക്കാമോ ;

(ബി) എത്ര ഹെക്ടർ ഭൂമി കൂടി ഒഴിപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

കയ്യേറ്റ ഭൂമി ഒഴിപ്പിക്കാൻ നടപടി

4029 ശ്രീ. ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ രണ്ടാം ഘട്ടം ആരംഭിച്ചുവോ ;

(ബി) എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് ഒഴിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സമഗ്രമായ പുനരധിവാസ പാക്കേജ്</u>

4030 ശ്രീ. മുല്ലക്കര രത്നാകരൻ
,, ഇ.കെ. വിജയൻ
,, ചിറ്റയം ഗോപകുമാർ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സമഗ്രമായ പുനരധിവാസ പാക്കേജ് ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ഭൂമി നഷ്ടപ്പെടുന്നവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ പാക്കേജ് കൊണ്ട് എന്തെങ്കിലും സാധ്യതയുണ്ടോ ;

(സി) എങ്കിൽ അതിനുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>മൂന്നാർ റ്റാറ്റാ കമ്പനിയുടെ അനധികൃത ഭൂമി</u>

4031 ശ്രീ. എസ്. രാജേന്ദ്രൻ
,, സാജു പോൾ
,, രാജു എബ്രഹാം
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ടാറ്റാകമ്പനി കൈവശം വച്ചുവരുന്ന അനധികൃത ഭൂമിയെ സംബന്ധിച്ച നിയമസഭ അഷ്വറൻസ് കമ്മിറ്റിയുടെ ശുപാർശ എന്തായിരുന്നു;

(ബി) കേന്ദ്രസർക്കാർ സ്ഥാപനമായ എൻ.ആർ.എസ്.എ. നടത്തിയ ഏരിയൽ സർവ്വേയെ തുടർന്നുള്ള ഫീൽഡ് സർവ്വേ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ഭൂമി തിരിച്ചുപിടിക്കാൻ നടപടി

4032 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ചിന്നക്കനാൽ വില്ലേജിൽ മുൻസർക്കാർ കയ്യേറ്റക്കാരിൽനിന്നും തിരിച്ചുപിടിച്ച 250 ഏക്കർ വീണ്ടും കയ്യേറിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഭൂമി തിരിച്ചു പിടിക്കുന്നതിനുളള നടപടി ഏതു ഘട്ടത്തിലാണ് ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സർക്കാർ ഭൂമി കയ്യേറി നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ</u>

4033

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ സംരക്ഷിത മേഖലയും വിനോദസഞ്ചാര കേന്ദ്രവുമായ അഞ്ചുരുളിയിൽ സ്വകാര്യവ്യക്തി സർക്കാർ ഭൂമി കയ്യേറി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഭൂമി കയ്യേറി ഒരാഴ്ചയായി നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനായി റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടും നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പുറമ്പോക്ക് ഭൂമികളുടെ കൈയേറ്റം</u>

4034 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റോഡുകളോട് ചേർന്ന് കിടക്കുന്ന പുറമ്പോക്ക് ഭൂമികളുടെ കൈയേറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കൈയേറ്റം ഒഴിപ്പിക്കുന്നതിന് എന്ത് നടപടിയാണുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

കായംകുളം അസംബ്ലി മണ്ഡലത്തിലെ ലൊക്കേഷൻ, സർവ്വേ നടപടി

4035 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിലെ കാർത്തികപ്പള്ളി താലൂക്കിൽ പത്തിയൂർ, കൃഷ്ണപുരം, കണ്ടല്ലൂർ, കായംകുളം, കീരിക്കാട്, പുതുപ്പള്ളി വില്ലേജുകളിലേയും, മാവേലിക്കര താലൂക്കിലെ കണ്ണമംഗലം, ഭരണിക്കാവ്, കറ്റാനം വില്ലേജുകളിലെ റവന്യൂ പുറമ്പോക്ക് ഭൂമിയുടെ ലൊക്കേഷൻ, സർവ്വേ നമ്പർ വിസ്തീർണ്ണം പുറമ്പോക്കുകളുടെ ഇനം (കുളം, പുരയിടം, തോട് മുതലായവ ) തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ

## 18.10.2011-ലെ മറുപടിക്ക്

റീസർവ്വേയും ഭൂമിയുടെ ന്യായവിലയും

4036 ശ്രീ. എ.പി. അബ്ദുളളക്കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റീസർവ്വേ പൂർത്തീകരിക്കാത്ത സ്ഥലങ്ങളേതെല്ലാമെന്നും ഈ സ്ഥലങ്ങളിൽ ന്യായവില നിശ്ചയിക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങളെന്തെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

റീ സർവ്വേയിലെ അപാകതകൾ പരിഹരിക്കുന്നതിന് പദ്ധതി

4037 ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജു
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീ സർവ്വേയിലെ അപാകതകൾ പരിഹരിച്ചു കിട്ടുന്നതിനുള്ള എത്ര അപേക്ഷകൾ ഇപ്പോൾ ഗവൺമെന്റിന്റെ പക്കലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പല കാരണങ്ങളാലും റീ സർവ്വേയിൽ ഉൾപ്പെടാത്ത വസ്തുക്കളുണ്ടോ; ഉണ്ടെങ്കിൽ അവ റീ സർവ്വേ നടത്തുന്നതിന് പ്രത്യേക പദ്ധതികളുണ്ടോ;

(സി) റീ സർവ്വേയുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ച പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഭൂമി കേരളം പദ്ധതി</u>

4038 ശ്രീ. ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, വി. റ്റി. ബൽറാം
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമികേരളം പദ്ധതിയിലൂടെ എത്ര വില്ലേജുകൾ സർവ്വേ പൂർത്തിയാക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമികേരളം പദ്ധതിക്കായി എത്ര രൂപാ ചെലവഴിച്ചു;

(സി) പ്രസ്തുത പദ്ധതിക്കായി ഓരോ വില്ലേജിൽ നിന്നും എത്ര പേർ പങ്കെടുത്തു;

(ഡി) കേന്ദ്രസർക്കാരിൽ നിന്നും ഈ കാലയളവിൽ എത്ര രൂപ ലഭിച്ചു?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

II-ാം ഗ്രേഡ് സർവേയർമാരുടെ ഒഴിവുകൾ

4039 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യു വകുപ്പിൽ നിലവിൽ IIാം ഗ്രേഡ് സർവ്വേയർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) 3.8.11-ലെ 13027/ഉ.പ.സി3/2011-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിൽ II ഗ്രേഡ് സർവ്വേയർമാരുടെ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണമാണെന്നും ആയത് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പണയിൽക്കടവ് അപ്രോച്ച് റോഡ്</u>

4040

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വക്കം, ചെറുന്നിയൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പണയിൽക്കടവ് അപ്രോച്ച് റോഡ് നിർമ്മാണത്തിന് ചെറുന്നിയൂർ വില്ലേജിൽ നിന്നും ഇതുവരെ എത്ര പേരുടെ സ്ഥലം പൊന്നുംവിലയ്ക്ക് എടുത്തിട്ടുണ്ട്; സ്ഥലത്തിന്റെ അളവും തുകയും തീയതിയും പേരുവിവരങ്ങളും വിശദമാക്കാമോ;

(ബി) ഇതിന് മൊത്തം എത്ര സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; സ്ഥലമേറ്റെടുക്കാൻ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണ്; ഓഫീസ് ഫോൺ നമ്പർ ലഭ്യമാക്കാമോ; ഇനി എത്ര പേരുടെ സ്ഥലം ഏറ്റെടുക്കാൻ ഉണ്ട്; ഇത് സംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടോ;

(സി) ഇതിനായി നീക്കി വച്ചിരിക്കുന്ന ഫണ്ട് എത്രയാണ്; സ്ഥലമേറ്റെടുക്കൽ എന്ന് പൂർത്തിയാക്കാൻ കഴിയും;

(ഡി) പ്രസ്തുത പദ്ധതി പൂർത്തിയാകാത്തതുമൂലമുള്ള ജനങ്ങളുടെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വില്ലേജിൽ ഇപ്പോൾ റീസർവ്വേ നടന്നിട്ടുണ്ടോ; ടി റീസർവ്വേയിൽ പ്രസ്തുത സ്ഥലം തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ആക്ഷേപം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സ്ഥലം മാർക്കറ്റ് വിലയ്ക്ക് പതിച്ചു നൽകാൻ നടപടി</u>

4041 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് കുറ്റിക്കോൽ വില്ലേജിലെ ആർ.എസ്.നമ്പർ 149 ൽ പ്പെട്ട 20 സെന്റ് സ്ഥലം മാർക്കറ്റ് വിലക്ക് പതിച്ചു നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(എ) എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏത്‌വരെയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കേരാ പാർക്ക്</u>

4042 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ കിൻഫ്രായുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന കേരാ പാർക്കിന് ആവശ്യമായ സ്ഥലം ഫാസ്റ്റ് ട്രാക്കിലൂടെ ഏറ്റെടുക്കുവാൻ തീരുമാനം ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നുള്ള വിവരം ലഭ്യമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി വിലയിരുത്തുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഭൂമി വില നിർണ്ണയത്തിലെ അപാകതകൾ</u>

4043 ശ്രീ. എം.എ. വാഹീദ്
,, പി.എ മാധവൻ
,, വി.പി. സജീന്ദ്രൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമി വില നിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് ഇതിന് വേണ്ടി കൈകൊണ്ടിട്ടുള്ളത്;

(സി) ഇവ ഉടനടി പരിഹരിക്കുവാൻ ജില്ലാ കളക്ടർമാക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഫെയർ വാല്യൂ</u>

4044 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽ വിവിധ വില്ലേജുകളിലായി ഫെയർ വാല്യൂ നിശ്ചയിക്കുമ്പോൾ ജീവനക്കാരന്റെ പിഴവുമൂലം കരഭൂമികൾ നിലമായി മാറിയതു പരിഹരിക്കുവാൻ നിർദ്ദേശിച്ചതനുസരിച്ച് കീഴാറൂർ വില്ലേജിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

(ബി) ഇല്ല എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഫെയർവാല്യൂ</u>

4045 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി - നറുകര വില്ലേജുകളിലെ ഭൂമിയുടെ ഫെയർവാല്യൂ നിർണയത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അപാകതകൾ പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഇലക്ട്രോണിക് ത്രാസുകൾ</u>

4046 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാപാര സ്ഥാപനങ്ങളിൽ അളവു തൂക്ക ഉപകരണങ്ങൾ എല്ലാവർഷവും പരിശോധന നടത്താറുണ്ടോ ;

(ബി) വ്യാപാരസ്ഥാപനങ്ങളിൽ തൂക്കത്തിനായി ഇലക്ട്രോണിക് ത്രാസുകൾ ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) അളവു തൂക്ക ക്രമക്കേടുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വൈക്കം താലൂക്കിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>അളവുകളും തൂക്കങ്ങളുംവകുപ്പിന്റെ പ്രവർത്തനം</u>

4047 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അളവുകളും തൂക്കങ്ങളും വകുപ്പിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) ഏത് തരം കുറ്റങ്ങളാണ് സാധാരണയായി പ്രസ്തുത വകുപ്പ് കൈകാര്യം ചെയ്യുന്നത്;

(സി) കുറ്റകൃത്യങ്ങൾ, തിരിമറികൾ എന്നിവ ഫലപ്രദമായി തടയുന്നതിന് ഏത് തരത്തിലുള്ള ഉദ്യോഗസ്ഥസംവിധാനമാണ് പ്രസ്തുത വകുപ്പിലുളളത്;

(ഡി) നിലവിലുളള സംവിധാനം കൂടുതൽ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

വിജിലൻസ് കേസുകൾ

4048 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എത്ര വിജിലൻസ് കേസുകളിൽ പ്രോസിക്യൂഷൻ അനുമതി നിഷേധിക്കപ്പെട്ടിട്ടുണ്ട് ;

(ബി) ഇങ്ങനെ പ്രോസിക്യൂഷൻ അനുമതി നിഷേധിക്കപ്പെട്ട ഓരോ കേസിന്റെയും സംക്ഷിപ്തരൂപം, പ്രതികൾ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ ?